**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** | **02-02-2026 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നടത്തിവരുന്നതായി പറയപ്പെടുന്ന ജലചൂഷണം തടയുന്നതിനും ജലവിതരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും ജലനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2012 –ലെ ദേശീയ ജലനയം പരിഗണിച്ച് നിലവിലെ സംസ്ഥാന ജലനയം (2008) പരിഷ്കരിക്കുന്നതിന് ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിക്ക് സർക്കാർ രൂപം നൽകി. കമ്മിറ്റി അംഗങ്ങളിൽ നിന്നും, വിദഗ്ധരിൽ നിന്നും, ബന്ധപ്പെട്ട വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെയും, പൊതുജനങ്ങൾ ജനപ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ജലനയത്തിന്റെ അന്തിമ കരട് വിവിധ സ്റ്റേക്ക് ഹോൾഡർ സെക്രട്ടറിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും അഭിപ്രായത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ജലചൂഷണം തടയുന്നതിനും ജലവിതരണം കാര്യക്ഷമമാക്കുന്നതിനും വേണ്ടി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നു:<br><br>ജല ചൂഷണം നിയന്ത്രിക്കുന്നതിനായി നിലവിൽ വാട്ടർ അതോറിറ്റിയുടെ മൂന്നു റീജിയനുകളിലും "ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് " രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പൊതു ജനങ്ങൾക്ക് നേരിട്ട് പരാതിപ്പെടാവുന്ന ടോൾ ഫ്രീ നമ്പറായ 1916 മുഖാന്തിരവും, സോഷ്യൽ മീഡിയ, ഓഫീസുകളിൽ നേരിട്ട് ലഭിക്കുന്ന ജല ചൂഷണത്തെ സംബന്ധിച്ചുള്ള പരാതികളിന്മേലും അടിയന്തിര നടപടി സ്വീകരിക്കാറുണ്ട്. ജലവിതരണം കാര്യക്ഷമമാക്കുന്നതിനായി ജലച്ചോർച്ചകൾ കണ്ടെത്തി അതിവേഗത്തിൽ പരിഹരിക്കാൻ സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ കൂടുതൽ കാര്യക്ഷമമാക്കാൻ റണ്ണിങ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് സംവിധാനവും ഇലക്ട്രോ മെക്കാനിക്കൽ ടീമും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കാലാനുസൃതമായി വിവിധ നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുകയും ചെയ്യുന്നുണ്ട്.നദികൾ, തടാകങ്ങൾ, ഭൂഗർഭജലം |

എന്നിവ മലിനമാകുന്നത് തടയാനും ജലസ്രോതസ്സുകൾ വീണ്ടെടുക്കാനും, കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും ജലം വിവേകപൂർവ്വം വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കാനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ജലസംഭരണവും വിതരണവും കാര്യക്ഷമമാക്കാനും, മഴവെള്ളം പാഴാക്കാതെ മണ്ണിലേക്ക് ഇറക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുന്നുണ്ട്. മാലിന്യങ്ങളുടെ അശാസ്ത്രീയമായ നിക്ഷേപംമൂലം ജലസ്രോതസ്സുകൾ മലിനീകരണ വിധേയമാകുന്നത് തടയുകയും, കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും മഴവെള്ള സംഭരണം ഉറപ്പാക്കുകയും ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണവും അശാസ്ത്രീയമായ കിണർ നിർമ്മാണം തടയുകയും വഴി ജലചൂഷണം തടയാനും ജലവിതരണം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

നിലവിൽ സംസ്ഥാനത്തെ വ്യാവസായിക വാണിജ്യ ആവശ്യത്തിലേക്കായുള്ള ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിന്റെയും നിയമാനുസൃതമാക്കുന്നതിന്റെയും ഭാഗമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ആവശ്യങ്ങൾക്കായുള്ള ഭൂജല ഉപയോഗത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ NOC നിർബന്ധമാക്കിയിട്ടുണ്ട്. . കൂടാതെ വ്യവസായ വാണിജ്യ ആവശ്യങ്ങൾക്കായുള്ള അനധികൃത ഭൂജല ഉപയോഗവുമായി ബന്ധപ്പെട്ട ലഭിക്കുന്ന പരാതികൾ ഭൂജല വകുപ്പ് പരിശോധിക്കുകയും, നിയമലംഘനം കണ്ടെത്തുന്ന പക്ഷം പിഴ ഈടാക്കി ,_സ്റ്റോപ്പ് മെമോ നൽകുന്നതിനും ഉൾപ്പെടെയുള്ള കർശനമായ നിയമാനുസൃത നടപടികൾ **ഭൂജല വകുപ്പ്**, ബന്ധപ്പെട്ട **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** വഴി സ്വീകരിച്ചു വരുന്നു. നിലവിൽ അശാസ്ത്രീയമായ ജല ഉപയോഗം തടയുന്നതിനും, കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപെട്ട കേരള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരം ഏതൊരു കിണർ നിർമ്മാണത്തിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റ് കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്. ആയതിൽ കുഴൽകിണറുകളുടെ നിർമ്മാണത്തിൽ പെർമിറ്റ് അനുവദിക്കുന്നതിൽ ഭൂജലവകുപ്പിൽ നിന്നും ലഭിക്കുന്ന ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അംഗീകൃത ലൈസൻസുള്ള പ്രൈവറ്റ് ഏജൻസികൾക്കും, റിഗ്ഗ്

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾക്കും കുഴൽക്കിണർ നിർമ്മാണത്തിന് രജിസ്ട്രേഷൻ സംസ്ഥാന ഭൂജല അതോറിറ്റി നിർബന്ധമാക്കിയിട്ടുണ്ട് . വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം (NOC) നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | അശാസ്ത്രീയമായ ജല ഉപയോഗം തടയുന്നതിനും കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും പ്രസ്തുത കരട് നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2012 –ലെ ദേശീയ ജലനയം പരിഗണിച്ച് നിലവിലെ സംസ്ഥാന ജലനയം (2008) പരിഷ്കരിക്കുന്നതിന് ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിക്ക് സർക്കാർ രൂപം നൽകി. കമ്മിറ്റി അംഗങ്ങളിൽ നിന്നും, വിദഗ്ധരിൽ നിന്നും, ബന്ധപ്പെട്ട വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെയും, പൊതുജനങ്ങൾ ജനപ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ജലനയത്തിന്റെ അന്തിമ കരട് വിവിധ സ്റ്റേക്ക് ഹോൾഡർ സെക്രട്ടറിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും അഭിപ്രായത്തിനായി സമർപ്പിച്ചിരിക്കുകയാണ്.  ജലചൂഷണം തടയുന്നതിനും ജലവിതരണം കാര്യക്ഷമമാക്കുന്നതിനും വേണ്ടി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നു:<br><br>ജല ചൂഷണം നിയന്ത്രിക്കുന്നതിനായി നിലവിൽ വാട്ടർ അതോറിറ്റിയുടെ മൂന്നു റീജിയനുകളിലും "ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് " രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പൊതു ജനങ്ങൾക്ക് നേരിട്ട് പരാതിപ്പെടാവുന്ന ടോൾ ഫ്രീ നമ്പറായ 1916 മുഖാന്തിരവും, സോഷ്യൽ മീഡിയ, ഓഫീസുകളിൽ നേരിട്ട് ലഭിക്കുന്ന ജല ചൂഷണത്തെ സംബന്ധിച്ചുള്ള പരാതികളിന്മേലും അടിയന്തിര നടപടി സ്വീകരിക്കാറുണ്ട്. ജലവിതരണം കാര്യക്ഷമമാക്കുന്നതിനായി ജലച്ചോർച്ചകൾ കണ്ടെത്തി അതിവേഗത്തിൽ പരിഹരിക്കാൻ സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ കൂടുതൽ കാര്യക്ഷമമാക്കാൻ റണ്ണിങ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് സംവിധാനവും ഇലക്ട്രോ മെക്കാനിക്കൽ ടീമും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കാലാനുസൃതമായി വിവിധ നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുകയും ചെയ്യുന്നുണ്ട്.<br><br>നദികൾ, തടാകങ്ങൾ, ഭൂഗർഭജലം എന്നിവ മലിനമാകുന്നത് തടയാനും ജലസ്രോതസ്സുകൾ വീണ്ടെടുക്കാനും, കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും ജലം വിവേകപൂർവ്വം വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കാനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി |

ജലസംഭരണവും വിതരണവും കാര്യക്ഷമമാക്കാനും, മഴവെള്ളം പാഴാക്കാതെ മണ്ണിലേക്ക് ഇറക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുന്നുണ്ട്. മാലിന്യങ്ങളുടെ അശാസ്ത്രീയമായ നിക്ഷേപംമൂലം ജലസ്രോതസ്സുകൾ മലിനീകരണ വിധേയമാകുന്നത് തടയുകയും, കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും മഴവെള്ള സംഭരണം ഉറപ്പാക്കുകയും ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണവും അശാസ്ത്രീയമായ കിണർ നിർമ്മാണം തടയുകയും വഴി ജലചൂഷണം തടയാനും ജലവിതരണം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

നിലവിൽ സംസ്ഥാനത്തെ വ്യാവസായിക വാണിജ്യ ആവശ്യത്തിലേക്കായുള്ള ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിന്റെയും നിയമാനുസൃതമാക്കുന്നതിന്റെയും ഭാഗമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ആവശ്യങ്ങൾക്കായുള്ള ഭൂജല ഉപയോഗത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ NOC നിർബന്ധമാക്കിയിട്ടുണ്ട്. . കൂടാതെ വ്യവസായ വാണിജ്യ ആവശ്യങ്ങൾക്കായുള്ള അനധികൃത ഭൂജല ഉപയോഗവുമായി ബന്ധപ്പെട്ട ലഭിക്കുന്ന പരാതികൾ ഭൂജല വകുപ്പ് പരിശോധിക്കുകയും, നിയമലംഘനം കണ്ടെത്തുന്ന പക്ഷം പിഴ ഈടാക്കി ,_സ്റ്റോപ്പ് മെമോ നൽകുന്നതിനും ഉൾപ്പെടെയുള്ള കർശനമായ നിയമാനുസൃത നടപടികൾ **ഭൂജല വകുപ്പ്,** ബന്ധപ്പെട്ട **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** വഴി സ്വീകരിച്ചു വരുന്നു. നിലവിൽ അശാസ്ത്രീയമായ ജല ഉപയോഗം തടയുന്നതിനും, കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപെട്ട കേരള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരം ഏതൊരു കിണർ നിർമ്മാണത്തിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റ് കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്. ആയതിൽ കുഴൽകിണറുകളുടെ നിർമ്മാണത്തിൽ പെർമിറ്റ് അനുവദിക്കുന്നതിൽ ഭൂജലവകുപ്പിൽ നിന്നും ലഭിക്കുന്ന ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അംഗീകൃത ലൈസൻസുള്ള പ്രൈവറ്റ് ഏജൻസികൾക്കും, റിഗ്ഗ് യൂണിറ്റുകൾക്കും കുഴൽക്കിണർ നിർമ്മാണത്തിന് രജിസ്ട്രേഷൻ സംസ്ഥാന ഭൂജല അതോറിറ്റി നിർബന്ധമാക്കിയിട്ടുണ്ട് . വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെ നിരാക്ഷേപപത്രം (NOC) നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | വെള്ളപ്പൊക്കം തടയാൻ റൂം ഫോർ ദ റിവർ പദ്ധതി അനിവാര്യമാണെന്നും നദികൾക്ക് കുറുകെ പാലങ്ങൾ നിർമ്മിക്കുമ്പോൾ റെഗുലേറ്റർ കം ബ്രിഡ്ജ് സാധ്യതകൾ പരിശോധിക്കണമെന്നുമുള്ള അഭിപ്രായം ഉയർന്നു വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | പ്രളയ നിയന്ത്രണത്തിനായുള്ള "റൂം ഫോർ റിവർ" എന്ന ആശയം നദികൾക്ക് അവയുടെ സ്വാഭാവിക ഒഴുക്കിനും വെള്ളപ്പൊക്ക സമയത്തെ വ്യാപനത്തിനും ആവശ്യമായ ഇടം നൽകുന്നതിനെ അടിസ്ഥാനമാക്കിയതാണ്. നദികളെ ഉയർന്ന കരകൾക്കും കോൺക്രീറ്റ് തടയണകൾക്കും ഇടയിൽ കെട്ടിനിൽപ്പിക്കുന്നതിന് പകരം, അധികജലം സുരക്ഷിതമായി പരന്നൊഴുകാൻ കഴിയുന്ന ഫ്ലഡ് പ്ലെയിനുകൾ പുനഃസ്ഥാപിക്കുകയും നദീതീരങ്ങളിലെ തടസ്സങ്ങളും അനധികൃത കെട്ടിടങ്ങളും നീക്കം ചെയ്യുന്നതുമാണ് ഈ സമീപനത്തിന്റെ ലക്ഷ്യം. ഇതിലൂടെ പ്രളയത്തിന്റെ തീവ്രതയും നാശനഷ്ടവും കുറയുകയും മനുഷ്യജീവിതത്തിനും സ്വത്തിനും കൂടുതൽ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ ഭൂഗർഭജലനില മെച്ചപ്പെടുകയും ജൈവവൈവിധ്യം സംരക്ഷിക്കപ്പെടുകയും ചെയ്യുന്നതിനാൽ പരിസ്ഥിതിസൗഹൃദവും ദീർഘകാല സുസ്ഥിരവുമായ പ്രളയ നിയന്ത്രണ മാർഗമായി “റൂം ഫോർ റിവർ " പരിഗണിക്കപ്പെടുന്നു. പ്രത്യേകിച്ച് കേരളം_പോലുള്ള നദിജല സമ്പന്നമായ പ്രദേശങ്ങളിൽ ഇത് ഏറെ പ്രസക്തമാണ്. വെള്ളപ്പൊക്കം തടയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷമാണ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രൊപ്പോസലുകൾ തയ്യാറാക്കാറുള്ളത്.<br><br>കുട്ടനാട്ടിലെ പ്രളയം തടയുന്നതിനായി ചെന്നൈ ഐ.ഐ.റ്റി നടത്തിയ ഹൈഡ്രോ ഡൈനാമിക് പഠനത്തിന്റെ അന്തിമ റിപ്പോർട്ട് പ്രകാരം കോരംകുഴി തോടിന് സമാന്തരമായ ഒരു പുതിയ ചാനലും പമ്പാനദിയിൽ വീയപുരത്തിനും തോട്ടപ്പള്ളിക്കും മദ്ധ്യേ ഒരു പുതിയ ചാനൽ നിർമ്മാണവും കോരംകുഴി തോടിന്റെയും തോട്ടപ്പള്ളി സ്പിൽവേയിലേക്കുള്ള ലീഡിംഗ് ചാനലിന്റെയും വീതി കൂട്ടലും ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണവും ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണം മൂലം അപ്സ്ട്രീം മേഖലയിൽ ഉണ്ടായേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. റൂം ഫോർ റിവർ ഐ.ഐ.റ്റി പഠന നിർദ്ദേശങ്ങളിൽ സാമ്പത്തികമായും സാങ്കേതികമായും അനുയോജ്യമായവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനുമായി ശാസ്ത്രീയമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ഡി) | ഭൂജല സ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഭൂഗർഭജല പരിരക്ഷയും കൃത്രിമ പുനരുജ്ജീവനവും എന്ന പദ്ധതി പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. തുറന്ന കിണർ/ കുഴൽ കിണർ റീചാർജ്ജ്, റീചാർജ്ജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയ വിവിധ പ്രവൃത്തികൾ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ  നടപ്പിലാക്കി വരുന്നു. സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സാധ്യമായ സ്ഥലങ്ങളിൽ ഭൂജല സംപോഷണ മാർഗ്ഗങ്ങളായ മഴവെള്ള സംഭരണത്തിലൂടെയുള്ള കിണറുകളിൽ റീചാർജ്ജ്, മഴക്കുഴികൾ എന്നിവ ജലനിധി നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാലത്ത് സംഭരണികളിൽ അധികമായി എത്തുന്ന മഴവെള്ളം ഗാർഹിക ഗാർഹികേതര ആവശ്യങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കുവാൻ സാധിക്കുന്നു. വേനൽ മാസങ്ങളിൽ മഴക്കാലത്ത് സംഭരിച്ച് സൂക്ഷിച്ചു വയ്ക്കുന്ന മഴവെള്ളം ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാനും സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീ ചാർജ്ജ് ചെയ്തും, കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി അവയെ പുനരുദ്ധരിച്ച് സ്ഥായിയായ ജലസ്രോതസ്സുകളാക്കി മാറ്റിയും ജലവിതാനത്തെ മെച്ചപ്പെടുത്തുന്നതിനു സാധിക്കുന്നു. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനുമായി പാടശേഖരങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന കനാലുകൾ, കായലുകൾ, തോടുകൾ, എന്നിവ ആഴംകൂട്ടുന്നതിനും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജലസേചന കനാലുകൾ എല്ലാ വർഷവും ജലവിതരണത്തിന് മുൻപായി വൃത്തിയാക്കാറുണ്ട്.<br><br>കേരള ജല അതോറിറ്റിയുടെ ശുദ്ധ ജല വിതരണത്തിനായി ഉപയോഗിക്കുന്ന സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി ഫെൻസിങ്, ക്യാമറ നിരീക്ഷണം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നീർച്ചാലുകൾ പുനരുജീവിപ്പിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നിരവധി ജനകീയ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. 'എല്ലാരും ജലാശയങ്ങളിലേയ്ക്ക്' മൂന്നു ഘട്ടങ്ങളിലായി നടപ്പിലാക്കിയ 'ഇനി ഞാനൊഴുകട്ടെ' എന്നീ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ജനകീയ കൂട്ടായ്മകളുടേയും |

| | | | | |
|---|---|---|---|---|
| | | | | നേതൃത്വത്തിൽ 422 കിലോമീറ്റർ നീളത്തിൽ പുഴകൾ ജനകീയമായി ശുചിയാക്കി പുനരുജ്ജീവിപ്പിച്ചു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഈ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്താകെ 54770.59 കിലോമീറ്റർ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 4376 കുളങ്ങൾ പുനരുജ്ജിവിപ്പിച്ചു. 10723 കിണറുകളിൽ റീച്ചാർജ്ജിഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നീർച്ചാലുകളിൽ 978 സ്ഥിരം തടയണകളും 86151 താൽക്കാലിക തടയണകളും നിർമ്മിച്ചിട്ടുണ്ട്. പുനരുജ്ജീവിപ്പിച്ച പുഴകളിൽ വീണ്ടും മാലിന്യമെത്തുന്നത് തടയുന്നതിനായി പുഴകളിലേയ്ക്ക് തുറന്നു വച്ചിരുന്ന മാലിന്യ കുഴലുകൾ വ്യാപകമായി അടപ്പിക്കാനായി. മലിന ജലം സംസ്കരിക്കുന്നതിനുള്ള വിവിധ വികേന്ദ്രീകൃത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി വിവിധ ഏജൻസികളുടേയും വകുപ്പുകളുടേയും നേതൃത്വത്തിൽ നാളിതുവരെ സംസ്ഥാനത്ത് ‘സുരക്ഷിതമാക്കാം പശ്ചിമ ഘട്ടം’ എന്ന പേരിൽ പശ്ചിമഘട്ട പ്രദേശത്തെ നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ ഹരിത കേരളം മിഷന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പശ്ചിമഘട്ട പ്രദേശത്തെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. അടയാളപ്പെടുത്തിയ നീർച്ചാലുകളിൽ ആവശ്യമായ പ്രവൃത്തികൾ നേരിട്ട് പരിശോധിച്ച് നിർദ്ദേശിക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ചുള്ള ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും ഗുണ നിലവാര പ്രശ്നമുള്ളിടങ്ങളിൽ ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ലഭ്യമാക്കാനും കഴിയുന്ന രീതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഹയർ സെക്കന്ററി സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രാഥമിക ജല ഗുണനിലവാര പരിശോധന ലാബുകൾ സ്ഥപിച്ചിട്ടുണ്ട്. എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ആർ. കെ. ഐ ഫണ്ട് എന്നിവ വിനിയോഗിച്ചാണ് ഈ പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നത്. സംസ്ഥാനത്താകെ ഇതുവരെ ഇത്തരത്തിൽ 335 ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ലാബുകളിൽ ആകെ ഇതുവരെ 43936 ടെസ്റ്റുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഈ ടെസ്റ്റുകൾ പൂർണ്ണമായും സൗജന്യമാണ്. |

സെക്ഷൻ ഓഫീസർ